**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 965

29..09..2011 -ൽ
മറുപടിയ്ക്ക്.

**സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

| ചോദ്യം<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | | ഉത്തരം<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ അനുമതി നൽകുകയുണ്ടായി ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയതായി 16 എഞ്ചിനീയറിംഗ് കോളേജുകളും 2 എം.ബി.എ. കോളേജുകളും 3 ആർക്കിടെക്ചർ കോളേജുകളും സ്വാശ്രയ മേഖലയിൽ ആരംഭിക്കുന്നതിന് അനുമതി നൽകുകയുണ്ടായി. |
| (ബി) | അനുമതി നൽകിയിട്ടുണ്ടെങ്കിൽ ഇത്തരം സ്ഥാപനങ്ങൾ ഗുണനിലവാരം സംബന്ധിച്ച എ.ഐ.സി.ടി.ഇ. നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്നതിനെ സംബന്ധിച്ച് പരിശോധന നടത്താൻ സർക്കാർ തലത്തിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (ബി) | സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഗുണനിലവാരം സംബന്ധിച്ച എ.ഐ.സി. ടി.ഇ. നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തുന്നതിനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി ഒന്നാംഘട്ട പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പരിശോധന നടന്നുവരികയാണ്. |
| (സി) | കഴിഞ്ഞ അദ്ധ്യയനവർഷം സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പലതിലും സീറ്റുകൾ ഒഴിഞ്ഞുകിടന്നതായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (സി) | കഴിഞ്ഞ അദ്ധ്യയനവർഷം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ 1130 സീറ്റുകളും മെഡിക്കൽ കോളേജുകളിൽ 5 സീറ്റുകളും ഒഴിഞ്ഞുകിടന്നതായി പ്രവേശന പരീക്ഷാ കമ്മിഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ